# കേരള സർവകലാശാല

നം.പി.ആർ.196/2019 ഫോൺ: 2305738

## പത്രക്കുറിപ്പ്

### ടൈംടേബിൾ

2019 നവംബറിൽ നടത്താനിരിക്കുന്ന ഒന്നും രണ്ടും സെമസ്റ്റർ എം.ബി.എ (വിദൂരവിദ്യാഭ്യാസം) മേഴ്സിചാൻസ് (2009 സ്കീം) ഡിഗ്രി പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ.

ഒക്ടോബർ 1 ന് ആരംഭിക്കുന്ന ബി.എസ്.സി (ആന്വൽ സ്കീം) മാത്തമാറ്റിക്സ് മെയിൻ പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ.

യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കാര്യവട്ടം ഏഴാം സെമസ്റ്റർ ബി.ടെക് ഡിഗ്രി ഒക്ടോബർ 2019 (2013 സ്കീം – 2015 അഡ്മിഷൻ) സപ്ലിമെന്ററി പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ.

### വൈവാ വോസി

ത്രിവത്സര എൽ.എൽ.ബി ആറാം സെമസ്റ്റർ, പഞ്ചവത്സര എൽ.എൽ.ബി പത്താം സെമസ്റ്റർ (2011-12 അഡ്മിഷന് മുൻപുള്ളത്) വൈവാ വോസി സെപ്റ്റംബർ 23 ന് ഉച്ചയ്ക്ക് 2.30 ന് സർവകലാശാലയുടെ പാളയം കാമ്പസിൽ വെച്ച് നടത്തുന്നതാണ്.

### മേഴ്സിചാൻസ്

2008 അഡ്മിഷൻ വരെയുള്ള റീസ്ട്രക്ച്ചേർഡ്/വൊക്കേഷണൽ കോഴ്സുകൾക്ക് അനുവദിച്ചിട്ടുള്ള മേഴ്സിചാൻസ് പ്രകാരം നടത്തേണ്ട ഒന്ന്, മൂന്ന്, അഞ്ച് സെമസ്റ്റർ പരീക്ഷകൾക്കുള്ള അപേക്ഷകൾ അതാതു കോളേജുകളിലെ പ്രിൻസിപ്പൽമാർക്ക് ഒക്ടോബർ 4 ാം തീയതിക്കകം നിശ്ചിത മേഴ്സിചാൻസ് ഫീസ് 2000/- ഒടുക്കി നൽകേണ്ടതാണ്. പരീക്ഷാതീയതി സംബന്ധിച്ചുള്ള വിവരങ്ങൾ സെപ്റ്റംബർ 30 നു ശേഷം അതാതു കോളേജ് പ്രിൻസിപ്പൽമാരിൽ നിന്നും അറിയാവുന്നതാണ്.

### വിദൂര കോഴ്സുകൾക്ക് സെപ്റ്റംബർ 30 വരെ അപേക്ഷിക്കാം

സർവകലാശാല വിദൂര വിദ്യാഭ്യാസ വിഭാഗം ബിരുദ ബിരുദാനന്തര കോഴ്സുകളിലേക്കുള്ള പ്രവേശനം സെപ്റ്റംബർ 30 വരെ നീട്ടിയിരിക്കുന്നു. പ്രളയത്തിന്റെ പശ്ചാത്തലത്തിൽ പലർക്കും യഥാസമയം അപേക്ഷാ നടപടികൾ പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യത്തിൽ ഇക്കാര്യം ചൂണ്ടിക്കാട്ടി സർവകലാശാല യു.ജി.സിക്ക് കത്തു നൽകിയിരുന്നു. എം.ബി.എ പ്രോഗ്രാമിന് അപേക്ഷിക്കാനുള്ള അവസാന തീയതി സെപ്റ്റംബർ 28. ഗ്രൂപ്പ് ഡിസ്കഷനും ഇന്റർവ്യൂവും സെപ്റ്റംബർ 30 ന് വിദൂര വിദ്യാഭ്യാസ വിഭാഗത്തിൽ വെച്ച് നടത്തുന്നതാണ്. ഓൺലൈൻ രജിസ്ട്രേഷനുള്ള ലിങ്ക് www.ideku.net ൽ ലഭ്യമാണ്. അപക്ഷയുടെ ശരിപകർപ്പ്, അനുബന്ധരേഖകൾ

മുതലായവ അപേക്ഷിച്ച് അഞ്ചു ദിവസത്തിനുള്ളിൽ വിദൂരവിദ്യാഭ്യാസ വിഭാഗം ഓഫീസിൽ എത്തിക്കേണ്ടതാണ്.

## പരീക്ഷാഫലം

2018 ഒക്ടോബറിൽ നടന്ന രണ്ടാം സെമസ്റ്റർ, 2019 ഏപ്രിലിൽ നടന്ന നാലാം സെമസ്റ്റർ എം.എഫ്.എ (പെയിന്റിംഗ് ആന്റ് സ്കൾപ്പ്ച്ചർ) പരീക്ഷാഫലം വെബ്സൈറ്റിൽ. രണ്ടാം സെമസ്റ്റർ എം.എഫ്.എ (പെയിന്റിംഗ് ആന്റ് സ്കൾപ്പ്ച്ചർ) പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് സെപ്റ്റംബർ 30 വരെ അപേക്ഷിക്കാം. 2019 ജൂണിൽ നടത്തിയ എം.എസ്.സി ബയോകെമിസ്ട്രി 2017 – 2019 ബാച്ച് (സി.എസ്.എസ്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. 2018 നവംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.പി.എ (വോക്കൽ/വീണ/വയലിൻ/മൃദംഗം/ഡാൻസ്), ബി.എ കമ്മ്യൂണിക്കേറ്റീവ് അറബിക്, ബി.എസ്.സി ബയോകെമിസ്ട്രി ആന്റ് ഇൻഡസ്ട്രിയൽ മൈക്രോബയോളജി (2018 അഡ്മിഷൻ – റെഗുലർ, 2017 അഡ്മിഷൻ – ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി, 2016, 2015, 2014 & 2013 അഡ്മിഷൻ – സപ്ലിമെന്ററി) എന്നീ ഡിഗ്രി പരീക്ഷാഫലങ്ങൾ വെബ്സൈറ്റിൽ. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയക്കും സെപ്റ്റംബർ 26 വരെ ഓൺലൈനായി അപേക്ഷിക്കാം. 2019 ഏപ്രിലിൽ നടന്ന അഞ്ചാം സെമസ്റ്റർ ബി.ടെക് പാർട്ട് ടൈം റീസ്ട്രക്ച്ചേർഡ് 2013 സ്കീം പരീക്ഷാഫലം വെബ്സൈറ്റിൽ.

തിരുവനന്തപുരം.
17.09.2019

പബ്ലിക് റിലേഷൻസ് ഓഫീസർ